# 2025-26 പ്രധാന വികസന ലക്ഷ്യങ്ങൾ

- കൃഷിയും അനുബന്ധമേഖലകളായ ക്ഷീരവികസനം,മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവ ഉൾപ്പെടുന്ന മേഖലയുടെ സമഗ്ര വികസനം.
- ബ്ലോക്ക് പഞ്ചായത്തും അനുബന്ധ സ്ഥാപനങ്ങളും വഴി ജനങ്ങൾക്ക് നൽകുന്ന സേവനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് മുൻഗണ.
- വിള പരിപാലന ആരോഗ്യ കേന്ദ്രത്തിന്റെ സേവനം മെച്ചപ്പെടുത്തൽ.
- സുഭിക്ഷം പദ്ധതി.
- കാർഷിക ഉപകരണങ്ങളുടെ പരിശീലനം,കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം,വിപണനം,വിതരണം,നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷി രീതി.
- പുഷ്പ കൃഷി,വനിതകൾക്ക് പച്ചക്കറി കൃഷി.
- രജിസ്റ്റേർഡ് കർഷക സംഘങ്ങൾക്ക് കാർഷിക ഉപകരണങ്ങൾ.
- മൃഗ ചികിത്സാ രംഗത്തെ സേവന ഗുണ നിലവാരവും സേവന ലഭ്യ തയും മെച്ചപ്പെടുത്തുക.
- മിനി ഡയറി ഫാം ആധുനിക വത്ക്കരണം, പാൽ/കാലിത്തീറ്റ സബ്സിഡി.
- കടൽ ഉൾനാടൻ മേഖലയിലെ മത്സ്യ സമ്പത്തിന്റെ സുസ്ഥിര പരിപോഷണം, ജൈവ വൈവിധ്യ സംരക്ഷണം,പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ സുസ്ഥിരമായ ഉപ ജീവനോപാധികൾ (കട്ടമരം ഉൾപ്പെടെ) എന്നിവ ഉറപ്പ് വരുത്തുക.
- വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ.
- കണ്ടൽ കാടുകൾ ഉൾപ്പെടെ ഗ്രാമ പഞ്ചായത്തുകളുടെ തീര സംര ക്ഷണ ഉദ്യമങ്ങൾ പ്രോത്സാഹിപ്പിക്കുക..
- വനിത സംരംഭകർക്ക് തൊഴിൽ സംരംഭങ്ങൾ.
- IIIC മുഖേന തൊഴിൽ നൈപ്യൂണ്യ പരിശീലനം.

- പരമ്പരാഗത വ്യവസായങ്ങൾ നവീന ശാസ്ത്ര സാങ്കേതിക ഉപാധികൾ ഉപയോഗിച്ച് ആധുനികവത്ക്കരിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക.
- നീണ്ടകര താലൂക്കാശുപത്രി,ചവറ,തെക്കുംഭാഗം സി.എച്ച്.സി കളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ.
- വയോജന കലോത്സവം.
- ജെന്റർ റിസോഴ്സ് സെന്റർ.
- വയോജനങ്ങൾക്ക് ടോക്കൺ സിസ്റ്റം.
- വിദ്യാ സാന്ത്വന കിരണം.
- സാന്ത്വന സാരഥി പദ്ധതി.
- ക്യാൻ ചവറ പദ്ധതി.
- എ.ബി.സി പ്രോഗ്രാം റീഹാബിലിറ്റേഷൻ സെന്റർ.
- പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി,പാർപ്പിടം,മികച്ച വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ,നൈപുണ്യ വികസന പരിശീലനം എന്നിവ ലഭ്യമാക്കുന്നു.
- പട്ടികജാതി കോളനികളി,സങ്കേതം എന്നിവിടങ്ങളിൽ റോഡ് നിർമ്മിക്കുക.
- പട്ടികജാതി കോളനികളികളിൽ കളിസ്ഥലം, കുടിവെള്ളം, നടപ്പാത എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- പഠന മുറി (എസ്.സി).
- പട്ടികജാതി കുംടുംബങ്ങൾക്ക് സ്മാർട്ട് കിച്ചൺ.
- പട്ടിക ജാതി വിധവകൾ കുടുംബനാഥകളായിട്ടുള്ളവർക്ക് പഠനമുറി.
- പട്ടികജാതി കോളനികളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ.
- പട്ടികജാതി യുവാൾക്കക്ക് വാദ്യോപകരണം.
- ബി.പി.എൽ. പട്ടികജാതി കുടുംബങ്ങളുടെ വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ.

- പി.എം.എ.വൈ പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകൾക്ക് കേന്ദ്ര വിഹിതങ്ങൾക്ക് ഉപരിയായി വരുന്ന അധിക വിഹിതം നൽകുന്നു.
- പി.എം.എ.വൈ, ലൈഫ് പദ്ധതികളിൽ നിർമ്മിക്കുന്ന വീടുകൾ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കും.
- എല്ലാവർക്കും എന്നും ശുദ്ധമായ കുടിവെള്ളം എന്നതായിരിക്കും ബ്ലോക്ക് പഞ്ചായത്തിന്റെ ഈ മേഖലയിലെ ലക്ഷ്യം.
- ജല വിതരണത്തേക്കാൾ ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകും.
- സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ.
- അംഗൻവാടികൾക്ക് ഇൻവെർട്ടർ,മിക്സി,ഇൻഡക്ഷൻ കുക്കർ, പ്രഷർ കുക്കർ
- സ്മാർട്ട് അംഗൻവാടി/ അംഗൻവാടികൾക്ക് ഭൗതിക സാഹചര്യം.
- ഭിന്നശേഷി കലോത്സവം.
- ഭിന്ന ശേഷി കുട്ടികൾക്ക് വിനോദയാത്ര/വിമാനയാത്ര.
- യുവ കലാകാരൻമാർക്ക് വജ്രജൂബിലി ഫെലോഷിപ്പ്.
- ഗ്രന്ഥശാലകൾക്ക് ഉപകരണങ്ങൾ
- ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക.
- എഫ്.എസ്.ടി.പി സ്ഥാപിക്കൽ.
- നീണ്ടകര താലൂക്ക് ആശുപത്രിയിൽ ആധുനിക ചികിൽസ സൗകര്യങ്ങൾ.
- ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്.
- ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് ശുചിത്വ പദ്ധതികൾ നടപ്പാക്കും.
- പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ.
- സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ ബ്ലോക്ക് പഞ്ചായത്ത്.
- യുവതി യുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം (പൊതുവിഭാഗം).

- ഭിന്ന ശേഷി സൗഹൃദ സർക്കാർ ഓഫീസുകൾ.
- മഹാകവി അഴകത്ത് പത്മനാഭ കുറുപ്പ് സ്മാരക നിർമ്മാണം.
- ചവറ ബ്ലോക്ക് പഞ്ചായത്താഫീസിന് കവാടം.
- തെക്കുംഭാഗം നടയ്ക്കാവ് മാർക്കറ്റിൽ ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണം തുടർച്ച.
- ലഹരി വിരുദ്ധ ക്യാംപയിൻ പദ്ധതി.
- ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടം ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ജനസേവനം വളരെ വേഗത്തിലും സുതാര്യവും കാര്യ ക്ഷമവും ആക്കുന്നതിനുള്ള ഇടപെടൽ,പൊതുകെട്ടിടങ്ങൾ,കലുങ്കുകൾ, ഗ്രാമീണ റോഡുകൾ തുടങ്ങിയവയുടെ നിർമ്മാണവും പുനരുദ്ധാര ണവും നടത്തി പ്രാദേശിക വികസനത്തിന് ആക്കം കൂട്ടുക.

തുടങ്ങിയ പദ്ധതികൾ ഫണ്ട് ലഭ്യതയും സർക്കാർ നിർദ്ദേശവും പാലിച്ച് നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്.

ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം തനത് വരുമാന ലഭ്യത കുറവായതിനാലും വിവിധ മേഖലകളിലുള്ള ഇടപെടലിന് പരിമിതി കൾ ഉള്ളതിനാലും സർക്കാർ ഫണ്ടുകൾ ഗ്രാന്റുകൾ എം.പി/എം.എൽ.എ വികസന ഫണ്ടുകൾ കേന്ദ്ര ധനകാര്യകമ്മിഷൻ ഗ്രാൻഡ്/ഹെൽത്ത് ഗ്രാൻഡ് തുടങ്ങിയ ഫണ്ടുകൾ വിവധ മേഖലകളിൽ ഉചിതമായി വിനിയോഗി ക്കുന്നതിന് ലക്ഷ്യമിട്ടുള്ള ഒരു ബഡ്ജറ്റ് രൂപികരിക്കുന്നതിനുള്ള ശ്രമം നട ത്തിയിട്ടുണ്ട്.

2025-26 സാമ്പത്തിക വർഷത്തിൽ ജനറൽ മേഖലയിൽ 3,29,90,000/-(മൂന്ന് കോടി ഇരുപത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറായിരം) രൂപയും പ്രത്യേക ഘടക പദ്ധതിയിൽ 1,52,16,000/- ( ഒരു കോടി അൻപത്തി രണ്ട് ലക്ഷത്തി പതിനാറായിരം) രൂപയും മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 2,74,53,000/-(രണ്ട് കോടി എഴുപത്തി നാല് ലക്ഷത്തി അൻപത്തി മൂവായിരം) രൂപയും ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ 88,67,000/- (എൺപത്തി എട്ട് ലക്ഷത്തി അറുപത്തി ഏഴായിരം) രൂപയുമാണ് വരവ് പ്രതീക്ഷിക്കുന്നത്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 1,17,25,000/-(ഒരു കോടി പതിനേഴ് ലക്ഷത്തി ഇരുപത്തി അയ്യായിരം) രൂപയും വരവ് പ്രതീക്ഷിക്കുന്നു.

സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി ഭവന രഹിതർക്ക് ഭവന നിർമ്മാണം പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതിയിൽ 3.83 കോടി രൂപയും ലൈഫ് ഭവന പദ്ധതിക്കായി 19 ലക്ഷം രൂപ എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ 45 കോടി രൂപയും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം/ ഗുണഭോക്തൃ വിഹിതം/ ബാങ്ക് പലിശ മറ്റ് സംസ്ഥാനാ വിഷ്കൃത ഫണ്ട്, തനത് ഫണ്ടായി 88 ലക്ഷം രൂപ ഉൾപ്പെടെ ആകെ 62.62/-(അറുപത്തി രണ്ട് കോടി അറുപത്തി രണ്ട് ലക്ഷം )രൂപയും വരവായി പ്രതിക്ഷിക്കുന്നു.

## മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2025-26

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷത്തിൽ 7,89,860/- തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുകൊണ്ട് 10,820 കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 45 കോടി രൂപ വകയിരുത്തുന്നു.കാർഷിക മേഖലയിൽ നീർത്തട പരിപാലനം, ഉൽപ്പാദന ക്ഷമതാവർദ്ധന എന്നിവ ലക്ഷ്യം വെച്ച് കൊണ്ടും ദരിദ്രർക്ക് വരുമാനം, തൊഴിൽ എന്നിവ ഉറപ്പ് വരുത്തുന്നതിനായി കന്നുകാലി തൊഴുത്ത്,ആട്ടിൻ കൂട്,പൗൾട്രി ഷെൽറ്റർ ഫാം, അസോള ടാങ്ക്, തീറ്റപ്പുല്ല്, മാലിന്യ നിർമ്മാർജ്ജനത്തിനായി സോക്ക്പിറ്റ്, കമ്പോസ്റ്റ്പിറ്റ് എന്നിവയുടെ നിർമ്മാണവും തൊഴിലുറപ്പ് പദ്ധതി വഴി എല്ലാ പഞ്ചായത്തിലും ഉറപ്പ് വരുത്തുന്നു.കാർഷിക രംഗത്തെ മുരടിപ്പ് മാറ്റാനുതകുന്ന വിധത്തിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട നീർത്തട വികസന പദ്ധതികളും ജലസേചന-ജല നിർഗ്ഗമന പ്രവൃത്തികളും,കാർഷിക പ്രവർത്തനങ്ങളും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നമ്മുടെ പ്രദേശത്തെ ഭക്ഷ്യ സുരക്ഷയിലേക്കും പാരിസ്ഥിതിക-ജല സുരക്ഷയിലേക്കും നയിക്കുന്നു. എല്ലാ പഞ്ചായത്തിലും ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമീണ റോഡുകകളുടെ നിർമ്മാണം ഉറപ്പ്

വരുത്തുന്നു. ജലസ്രോതസ്സുകളുടെ നിർമ്മാണം,സംരക്ഷണം ലക്ഷ്യം വച്ചു കൊണ്ട് പൊതു കുളങ്ങൾക്ക് പാർശ്വഭിത്തി നിർമ്മാണം, കുളം, കിണർ എന്നിവയുടെ നിർമ്മാണം ഉറപ്പ് വരുത്തുന്നു.എല്ലാ പഞ്ചായത്തുകളിലെയും സ്കൂൾ കുട്ടികൾക്ക് കളിക്കുന്നതിനായി പ്ലേ ഗ്രൗണ്ടിന്റെ നിർമ്മാണം ഉറപ്പ് വരുത്തുന്നു.

2024-25 സാമ്പത്തിക വർഷം 35 കോടി രൂപ വകയിരുത്തുകയും നാളിതുവരെ 27 കോടി ചെലവാകുകയും ചെയ്തു.വിവിധ ഭവന പദ്ധതിക ളായ പി.എം.എ.വൈ, ലൈഫ് എന്നിവയും മറ്റിതര ഭവന പദ്ധതികളും മുഖേന അനുവദിക്കുന്ന ഭവനങ്ങൾക്ക് 90 തൊഴിൽ ദിനങ്ങൾ നൽകുന്നതു വഴി അധിക സാമ്പത്തിക സഹായം ഉറപ്പ് വരുത്തുന്നു.എല്ലാ കുടുംബ ങ്ങൾക്കും 100 ദിന തൊഴിൽ ഉറപ്പ് വരുത്തുന്നതിനോടൊപ്പം 100 ശതമാനം മെറ്റീരിയൽ വർക്കും ഉറപ്പ് വരുത്തുന്നു നിലവിവുള്ള ആക്ടീവ് വർക്കേ ഴ്സിന്റെ എണ്ണം 16200 ആണ്. ഇത് 25000 ലേക്ക് എത്തിക്കുന്നതിനും 100 ദിനം തൊഴിൽ എല്ലാ കുടുംബങ്ങൾക്കും ഉറപ്പ് വരുത്തുന്നതിനുമുള്ള പദ്ധതികൾ തൊഴിലുറപ്പ് പദ്ധതി വഴി ലക്ഷ്യമിടുന്നു.

## ആരോഗ്യം

ചവറ ബ്ലോക്ക് പഞ്ചായത്തിൻെറ പരിധിയിൽ പ്രവർത്തിക്കുന്ന നീണ്ടകര താലൂക്ക് ആശുപത്രി, സി.എച്ച്.സി ചവറ, തെക്കുംഭാഗം, ചവറ പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവ ആരോഗ്യ ചികിൽസ രംഗത്ത് മികച്ച സേവന സൗകര്യങ്ങളാണ് നൽകുന്നത്. ഇവയുടെ പ്രവർത്തനത്തിന് വേണ്ടി യുള്ള ദൈനംദിന ചെലവിന് പുറമെ ക്യാൻസർ നിർണ്ണയ ക്യാമ്പ്, മരുന്ന് വാങ്ങൽ, പാലിയേറ്റീവ് കെയർ, സ്ഥിരം ജീവനക്കാർക്ക് പുറമേ അധിക ജീവ നക്കാരുടെ നിയമനം, ഡയാലിസിസ് യൂണിറ്റ്, എക്സ്റേ യൂണിറ്റ്,ഡിജിറ്റലൈ സേഷൻ, കരൾ / വൃക്ക രോഗങ്ങളുടെ സ്ക്രീനിംഗ്, മെയിന്റനൻസ് മറ്റ് അടിസ്ഥാന സൗകര്യം, വെന്റിലേറ്റർ, സ്കാനിംഗ് എന്നിവയ്ക്കായി ഈ ബഡ്ജറ്റിൽ 1.53 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ക്യാൻസർ രോഗികളുടെ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനായി ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പുകൾ തുടർ ചികിൽസ സൗകര്യം എന്നിവ ഒരുക്കുന്നതിനുള്ള പദ്ധതികൾ ബ്ലോക്ക്

പഞ്ചായത്ത് ലക്ഷ്യമിടുന്നു. മുതിർന്നവരുടെ ജീവിതശൈലി രോഗങ്ങളും ആരോഗ്യ പ്രശ്നങ്ങളും പരിഹരിക്കാൻ സഹായമായ പദ്ധതികൾ വിഭാവനം ചെയ്യുന്നു.സെക്കന്ററി പാലിയേറ്റീവ് കെയർ, അധിക ജീവനക്കാരുടെ നിയമനം, ബയോമെഡിക്കൽ മാലിന്യ സംസ്ക്കരണം, ക്യാൻസർ സ്ക്രീനിംഗ് എന്നിവ ഈ മേഖലയിൽ നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു.നടപ്പ് സാമ്പത്തിക വർഷം ഏറ്റെടുത്ത പദ്ധതികൾ അന്തിമ ഘട്ടത്തിലാണ്.

## കൃഷി

കാലാവസ്ഥാ വ്യതിയാനം,കാർഷിക ആവശ്യത്തിനുള്ള അസംസ്കൃത ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ്,വർദ്ധിച്ച കൂലി,തരിശു നിലങ്ങൾ ഇത്തരത്തിൽ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ ഏറെയുണ്ടെങ്കിലും കാർഷിക മേഖലയ്ക്ക് ഊർജ്ജം നൽകുന്ന വിവിധ പദ്ധതികൾ ഈ ബഡ്ജറ്റിലൂടെ നമ്മൾ ലക്ഷ്യം വയ്ക്കുന്നു.വിഷ രഹിതമായ കാർഷിക ഉൽപ്പന്നങ്ങളുടെ സ്വയം പര്യാപ്തത നേടുന്ന ഒരു നാടായി നമ്മുടെ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ പരിവർത്തനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികൾ ഏറ്റെടുക്കുന്നു.പരിമിതികൾക്കിടയിലും മുൻ വർഷങ്ങളിൽ ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി ഗുണഭോക്താക്കളുടെ സഹകരണത്തോടെ പൂർത്തിയാക്കാൻ നമുക്ക് കഴിഞ്ഞു.2025-26 സാമ്പത്തിക വർഷത്തിൽ 30 ലക്ഷം രൂപയാണ് ഈ മേഖലയിൽ വകയിരുത്തിയിട്ടുള്ളത്.

ജൈവ പച്ചക്കറി കൃഷിയിൽ വർദ്ധിച്ചുവരുന്ന പ്രാധാന്യം കണക്കിലെടുത്ത് ഹരിത കേരള മിഷൻെറ പ്രവർത്തനം ഈ മേഖലയിൽ വളരെയധികം ലക്ഷ്യം കണ്ടിട്ടുണ്ട്. മത്സ്യ മേഖലയിൽ തൊഴിലാളികൾക്ക് കട്ടമരം നൽകുന്നതിനുള്ള പദ്ധതി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## മൃഗസംരക്ഷണം ക്ഷീരവികസനം

പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തമായി എന്ന അഭിമാനകരമായ നേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി കാലിത്തീറ്റയുടെ വില വർദ്ധനവാണ്.

പാലുൽപ്പാദന വർദ്ധന ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ബഡ്ജറ്റ് വർഷവും ഉൾപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു.പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി, ക്ഷീരസുഭിക്ഷം തുടങ്ങിയ പദ്ധതികൾ ലക്ഷ്യ പ്രാപ്തിയിൽ എത്തുന്നതിന് തുടർ വർഷങ്ങളിലും പ്രസ്തുത പദ്ധതികൾ ഏറ്റെടുക്കുന്ന തിന് ലക്ഷ്യമിടുന്നു.

## സമ്പൂർണ്ണ ശുചിത്വം മാലിന്യ സംസ്ക്കരണം

ശുചിത്വ മേഖലയിൽ വർഷങ്ങളായുള്ള നമ്മുടെ ആവശ്യങ്ങളായ ഗ്യാസ് ക്രിമറ്റോറിയം,ആധുനിക അറവ് ശാല, മാലിന്യ സംസ്ക്കരണ യൂണിറ്റ് എന്നിവ സ്ഥല ലഭ്യതയിലെ തടസ്സം മൂലം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള താലൂക്ക്/ സാമൂഹികാരോഗ്യ കേന്ദ്രങ്ങ ളിൽ ശുചിത്വ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾക്കായി പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ഹരിത കർമ്മ സേനയെ ശാക്തികരിച്ചു കൊണ്ട് സമ്പൂർണ്ണ പ്ലാസ്റ്റിക് രഹിത ബ്ലോക്ക് പഞ്ചായത്തായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ, എ.ബി.സി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ, എഫ്.എസ്.ടി.പി. സ്ഥാപിക്കൽ, ആശുപത്രികളിൽ മാലിന്യ സംസ്ക്ക രണ പ്ലാന്റുകൾ സ്ഥാപിക്കുക എന്നിവ ലക്ഷ്യമിടുന്നു.

## പ്രദേശിക സാമ്പത്തിക വികസനം/തൊഴിൽ

പ്രാദേശിക സാമ്പത്തിക വികസനവും ദാരിദ്ര്യ ലഘൂകരണവും ലക്ഷ്യമാക്കി ജീവനോപാധികൾ നൽകി അടിസ്ഥാന സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് 2025-26 സാമ്പത്തിക വർഷം വിവിധങ്ങളായ പദ്ധതി കൾ ഏറ്റെടുക്കാൻ ലക്ഷ്യമിടുന്നു. വനിതാ സംരംഭകർക്ക് IIIC മുഖേന നൈപ്യൂണ്യ പരിശീലനവും സർവ്വീസ് ഗ്രൂപ്പുകളുടെ രൂപികരണവും ലക്ഷ്യമി ടുന്നു.മൽസ്യത്തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി മത്സ്യബന്ധന വിപണന ഉപകരണങ്ങൾ, വനിതകൾക്കും യുവാക്കൾക്കും ചെറുകിട വ്യവാ സായ യൂണിറ്റുകൾ എന്നിങ്ങനെ വിവധ പദ്ധതികൾ ലക്ഷ്യമിടുന്നു. മഹാത്മ ഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള 45 കോടി രൂപയുടെ തൊഴിലവസ രങ്ങൾക്ക് പുറമേ ചവറ ബ്ലോക്ക് പഞ്ചായത്തിൻെറ പരിധിയിൽ വരുന്ന

അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്കും മടങ്ങി വരുന്ന പ്രവാസി കൾക്കും വേണ്ടി തൊഴിൽ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആലോചിച്ച് ആരംഭിക്കുന്നതാണ്.

## വനിത ശിശു വികസനം/സാമൂഹ്യക്ഷേമം/ഭിന്നശേഷിക്കാർ

ഈ മേഖലയിൽ ഉൾപ്പെടുത്തി ഭിന്നശേഷിക്കാരായ വനിതകൾക്ക് ഉൾപ്പെടെ പ്രയോജനം ലഭ്യമാകുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ചി രുന്നു.അംഗൻ വാടികൾക്ക് ഇൻവെർട്ടർ, മിക്സി,ഇൻഡക്ഷൻ കുക്കർ,പ്രഷർ കുക്കർ വയോജന കലോത്സവം, ജെൻഡർ റിസോഴ്സ് സെന്റർ തുടങ്ങിയവ ബഡ്ജറ്റ് വർഷത്തിലും ഉൾപ്പെടുത്തി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.പാലിയേ റ്റീവ് കെയർ , വയോജനങ്ങൾക്ക് ടോക്കൺ സംവിധാനം,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടിയുള്ള പദ്ധതികൾ തുടങ്ങി വിപുല ങ്ങളായ പദ്ധതികൾ ഈ മേഖലയിൽ ലക്ഷ്യമിടുന്നു. ഭിന്നശേഷി സൗഹൃദ ബ്ലോക്ക് പഞ്ചായത്തായി പ്രഖ്യാപിക്കുന്ന നടപടികൾക്ക് ആക്കം കൂട്ടുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. വീടുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഊന്നൽ നൽകുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി വിനോദ വിമാന യാത്ര പരിപാടിയും ഭിന്നശേഷി കലോൽസവും സംഘടിപ്പിക്കുന്ന തിന് ലക്ഷ്യമിടുന്നു.

## അടിസ്ഥാന സൗകര്യ വികസനം

മറ്റ് ബ്ലോക്ക് പഞ്ചായത്തുകളെ അപേക്ഷിച്ച് സ്ഥല പരിമിതിയിൽ വീർപ്പ് മുട്ടുന്ന ബ്ലോക്ക് പഞ്ചായത്തിന് ബഹുനില കെട്ടിടം പണിയുന്നതിന് മുന്നോടിയായി ഗ്രൗണ്ട് ഫ്ളോർ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ബ്ലോക്ക് പഞ്ചായത്താഫീസിന് കവാടം ബഡ്ജറ്റ് വർഷത്തിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. കൂടാതെ പശ്ചാത്തല മേഖലയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡു കൾ/ജലനിർഗ്ഗമന മാർഗ്ഗങ്ങൾ തുടങ്ങിയവ നടപ്പാക്കും.MPLADS, MLASDF, NABARD തുടങ്ങിയവയ്ക്ക് പുറമേയുള്ളവയാണ് പ്രസ്തുത പദ്ധതികൾ. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് വെഞ്ചർ പ്രോജക്ടുകൾ നടപ്പാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പട്ടിക ജാതി വികസനം

പട്ടികജാതി ക്ഷേമ പരിപാടികൾക്കായി 85 ലക്ഷം രൂപയ്ക്കുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. പട്ടികജാതി കുംടുംബങ്ങൾക്ക് സ്മാർട്ട് കിച്ചൺ പദ്ധതി, വിദ്യാർത്ഥികൾക്ക് പഠനമുറി, പട്ടികജാതി യുവാക്കൾക്ക് വാദ്യോപകരണം എന്നിവ നടപ്പിലാക്കുന്നതിനുള്ള തുക വകയിരുത്തുന്നു. ഭവന നിർമ്മാണ പദ്ധതികൾ / ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ തുടങ്ങിയ പദ്ധതികളും ഈ മേഖലയിൽ വിഭാവനം ചെയ്തിട്ടുണ്ട്. പട്ടികജാതി കോളനികൾ/ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ സാദ്ധ്യതകൾ തുടങ്ങിയ പദ്ധതികൾ ലക്ഷ്യമിടുന്നു.

## വിദ്യാഭ്യാസം, കല,സംസ്ക്കാരം കായിക വികസനം

മുൻ വർഷത്തെപ്പോലെ ബഡ്ജറ്റ് വർഷത്തിലും കേരളോൽസവം തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള തുക ഉൾപ്പെടുത്തിയിട്ടുള്ളതാണ്. യുവ കലാകാരൻമാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് , ഗ്രന്ഥശാലകൾക്ക് ഉപകരണങ്ങൾ, സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ തുടങ്ങിയ പദ്ധതികൾക്കായി 36 ലക്ഷം രൂപ വകയിരുത്തുന്നു. നാടൻ കലാ രൂപങ്ങളുടെ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു.

## അതിദാരിദ്ര നിർമ്മാർജ്ജനം

കഴിഞ്ഞ രണ്ട് വർഷങ്ങളായി നടപ്പിലാക്കിവരുന്ന വിശപ്പ് രഹിത പദ്ധതിയെ തുടർന്ന് അതിദാരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭക്ഷണം,മരുന്ന് ഉൾപ്പെടെ നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്കുള്ള വിഹിതമായി 2 ലക്ഷം രൂപ വകയിരുത്തുന്നു.

## പദ്ധതി രൂപീകരണവും നിർവ്വഹണവും

ബഡ്ജറ്റ് വർഷം പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്ക് 85000/- രൂപ വകയിരുത്തുന്നു.

## പദ്ധതി വിഹിതം

2025-26 സാമ്പത്തിക വർഷത്തിൽ ചവറ ബ്ലോക്ക് പഞ്ചായത്തിന് പദ്ധതി വിഹിതമായി 8,73,84,000/-(എട്ട് കോടി എഴുപത്തി മൂന്ന് ലക്ഷത്തി എൺപത്തി നാലായിരം) രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ സാധാരണ വിഹിതമായി 3,29,90,000/-(മൂന്ന് കോടി ഇരുപത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറായിരം) രൂപയും പ്രത്യേക ഘടക പദ്ധതിയിൽ 1,52,16,000/-(ഒരു കോടി അൻപത്തി രണ്ട് ലക്ഷത്തി പതിനാറായിരം) രൂപയും മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 2,74,53,000/-(രണ്ട് കോടി എഴുപത്തി നാല് ലക്ഷത്തി അൻപത്തി മൂവായിരം) രൂപയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 1,17,25,000/- (ഒരു കോടി പതിനേഴ് ലക്ഷത്തി ഇരുപത്തി അയ്യായിരം) രൂപയുമാണ് ഉൾപ്പെട്ടിരിക്കുന്നത്.

## മെയിന്റനൻസ് ഗ്രാൻഡ്

2025-26 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി ബൃഹത്തായ പദ്ധതികൾ നടപ്പാക്കാൻ ലക്ഷ്യമിടുന്നുണ്ട്. സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ ആശുപത്രികളുടെ വികസനം, മരുന്ന് വാങ്ങൽ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് മെയിന്റനൻസ്,വിവിധ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് റീ ഏജന്റ്, അധിക ജീവനക്കാരുടെ വേതനം തുടങ്ങിയവ ഈ വിഭാഗ ത്തിൽപ്പെടും. ഇപ്രകാരമുള്ള വിവിധ പദ്ധതികൾക്കായി 2.74 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ജനറൽ പർപ്പസ് ഫണ്ട്

2025-26 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ജനറൽ പർപ്പസ് ഫണ്ടായി 88.67 ലക്ഷം രൂപയാണ് ലഭിക്കുന്നത്. 12 ഗഡുക്കളായി ലഭിക്കുന്ന പ്രസ്തുത തുക വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ വിവിധ ചെലവു കൾ, ജനപ്രതിനിധികളുടെ ഹോണറേറിയം, യാത്രാപ്പടി, സിറ്റിംഗ് ഫീ, മറ്റു ഭരണ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനോടൊപ്പം വികസന പ്രവർത്തനങ്ങൾക്കായുള്ള വിവിധ പദ്ധതികൾക്കായും വിനിയോഗിക്കുന്ന താണ്. കൂടാതെ തനത് ഫണ്ടിനത്തിൽ ടെണ്ടർ ഫോറം, വാടക, ഫൈൻ തുടങ്ങിയ ഇനത്തിൽ 2,09,900 രൂപ വരവ് പ്രതീക്ഷിക്കുന്നു.

### പാർപ്പിടം

പി.എം.എ.വൈ കേന്ദ്ര വിഹിതം, ലൈഫ്മിഷൻ, മറ്റ് തദ്ദേശ സ്ഥാപന ങ്ങളിൽ നിന്നുള്ള വിഹിതം എന്നീ ഇനത്തിൽ ഈ മേഖലയിൽ 3.05 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തി 4.02 കോടി രൂപ പാർപ്പിട നിർമ്മാണത്തിനായി ജനറൽ/പട്ടികജാതി വിഭാഗ ങ്ങൾക്ക് അനുവദിക്കാനാകുമെന്ന് കരുതുന്നു. ഇപ്രകാരം സമ്പൂർണ്ണ പാർപ്പിട പദ്ധതി ലക്ഷ്യത്തിലെത്തിക്കുവാനാകുമെന്നു കരുതുന്നു.

# ഉപസംഹാരം

ഏവർക്കും അറിയാവുന്നതുപോലെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഫണ്ട് വിനിയോഗത്തിൽ നിലനിൽക്കുന്ന നിയന്ത്രണങ്ങൾ ഉൾക്കൊണ്ടു കൊണ്ടുള്ള വകയിരുത്തലുകൾ ശ്രമകരമാണ്. വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങളിൽ,പാർപ്പിടം തുടങ്ങിയ ചുരുക്കം ചില മേഖലകളിൽ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇടപെടാനുള്ള അവസരം സാദ്ധ്യമാകുന്നത്. ഗവൺമെന്റിനെ ഈ കാര്യം ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. മൽസ്യബന്ധന മേഖലയിൽ നമുക്ക് ഇടപെടാനുള്ള അവസരം ഇപ്പോൾ ലഭ്യമായിട്ടുള്ളതുപോലെ മറ്റു മേഖലകളിലും ഫണ്ട് വിനിയോഗ സ്വാതന്ത്ര്യം ലഭിക്കേണ്ടതുണ്ട്.സർക്കാരിൻെറ ഭാഗത്ത് നിന്നും അനുഭാവപൂർവ്വമായ ഉത്തരവുകൾ പ്രതീക്ഷിക്കുന്നു. ലഭ്യമായ ഫണ്ട് എല്ലാ മേഖലകളിലും എത്തുന്ന വിധം സമഗ്രമായ ബഡ്ജറ്റ് തയ്യറാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. വരും വർഷങ്ങളിലേക്കുകൂടി ഈ വികസന പാന്ഥാവ് ദീർഘിപ്പിക്കാവുന്ന തരത്തിൽ **62,62,08,084/-**(അറുപത്തി രണ്ട് കോടി അറുപത്തി രണ്ട് ലക്ഷത്തി എണ്ണായിരത്തി എൺപത്തി നാല്) രൂപ വരവും **62,36,27,913/-**(അറുപത്തി രണ്ട് കോടി മുപ്പത്തിയാറ് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി തൊള്ളായിരത്തി പതിമൂന്ന്) രൂപ ചെലവും **25,80,171/-(**ഇരുപത്തി അഞ്ച് ലക്ഷത്തി എൺപതിനായിരത്തി ഒരുനൂറ്റി എഴുപത്തി ഒന്ന്) രൂപ മിച്ചവും പ്രതീക്ഷിക്കുന്ന 2025-26 വർഷത്തേക്കുള്ള ബഡ്ജറ്റ് ബഹുമാനപ്പെട്ട അംഗങ്ങളുടെ പരിശോധനയ്ക്കും ചർച്ചയ്ക്കും വിലപ്പെട്ട നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

# ചവറ ബ്ലോക്ക് പഞ്ചായത്ത്

## ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ് 2025-26

| ക്രമ നമ്പർ | | ബഡ്ജറ്റ് 2025-26 |
|---|---|---|
| **A** | **പ്രാരംഭ ബാക്കി** | **87,05,251** |
| B | തനത് വരുമാനം | 2,09,900 |
| C | ജനനൽ പർപ്പസ് ഫണ്ട് | 88,67,000 |
| **D** | **ആകെ തനത് വരുമാനം (B+C)** | 90,76,900 |
| F | പദ്ധതി വിഹിതമായ വരവ് | 60,84,25,933 |
| **G** | **ആകെ വരവ് (D+F)** | 61,75,02,833 |
| **H** | **ആകെ വരവുകളും പ്രാരംഭ ബാക്കിയും (G+A)** | **62,62,08,084** |
| I | അനിവാര്യ ചുമതലകൾക്കായുള്ള ചെലവ് | 39,74,780 |
| J | പദ്ധതി ചെലവ് | 61,96,53,133 |
| **K** | **ആകെ ചെലവ് (I+J)** | **62,36,27,913** |
| **L** | **നീക്കി ബാക്കി (H-K)** | **25,80,171** |

# ചവറ ബ്ലോക്ക് പഞ്ചായത്ത്

## 2025-26 ബഡ്ജറ്റ് എസ്റ്റിമേറ്റ് സംക്ഷിപ്തം

## പ്രതീക്ഷിയ്ക്കുന്ന വരവ്

| ക്രമ നമ്പർ | ഇനം | | ബഡ്ജറ്റ് 2025–26 | റിമാർക്ക്സ് |
|---|---|---|---|---|
| 1 | A | **പ്രാരംഭ ബാക്കി** | **87,05,251** | |
| 2 | B | തനത് വരുമാനം | 2,09,900 | |
| 3 | C | ജനനൽ പർപ്പസ് ഫണ്ട് | 88,67,000 | |
| | D | **ആകെ തനത് വരുമാനം (B+C)** | **90,76,900** | |
| 4 | **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | |
| | E | പി.എം.എ.വൈ കേന്ദ്ര വിഹിതം | 1,04,40,000 | |
| | F | എം.ജി.എൻ.ആർ.ഇ.ജി.എസ് | 45,54,85,933 | |
| | G | **ആകെ (E+F)** | **46,59,25,933** | |
| 5 | **പദ്ധതി വിഹിതം** | | | |
| | H | പൊതു വിഭാഗം | 3,29,90,000 | |
| | I | പ്രത്യേക ഘടക പദ്ധതി | 1,52,16,000 | |
| | J | മെയിന്റനൻസ് ഗ്രാന്റ് | 2,74,53,000 | |
| | K | കേന്ദ്ര ധനകാര്യ കമ്മീഷൻ തുക | 1,17,25,000 | |
| | L | ഗ്രാമ പഞ്ചായത്ത് വിഹിതം | 95,90,000 | |
| | M | ജില്ലാ പഞ്ചായത്ത് വിഹിതം | 1,05,26,000 | |
| | N | ശുചിത്വ മിഷൻ ഫണ്ട് | 3,50,00,000 | |
| | O | **ആകെ പദ്ധതി വിഹിതം** | **14,25,00,000** | |
| | P | **ആകെ വരവ് (A+D+G+O)** | **62,62,08,084** | |

## അനിവാര്യ ചുമതലകൾക്കായുള്ള വകയിരുത്തലുകൾ

| ക്രമ നമ്പർ | ഇനം | ബഡ്ജറ്റ് 2025-26 | റിമാർക്ക്സ് |
|---|---|---|---|
| 1 | ശമ്പളം | 1,00,000 | |
| 2 | ജനപ്രതിനിധികളുടെ ഓണറേറിയം | 16,00,000 | |
| 3 | ജനപ്രതിനിധികളുടെ സിറ്റിംഗ് ഫീ | 1,53,780 | |
| 4 | ജനപ്രതിനിധികളുടെ യാത്രാബത്ത | 44,000 | |
| 5 | വേതനം | 3,50,000 | |
| 6 | ടെലഫോൺ അലവൻസ്-സെക്രട്ടറി | 6,000 | |
| 7 | ടെലഫോൺ അലവൻസ്-പ്രസിഡന്റ് | 6,000 | |
| 8 | ടാക്സ്-വാഹനം | 15,000 | |
| 9 | ഇലക്ട്രിസിറ്റി ചാർജ്-ഓഫീസ് | 1,00,000 | |
| 10 | ടെലഫോൺ ചാർജ്-ഓഫീസ് | 94,000 | |
| 11 | പുസ്തകങ്ങളും ആനുകാലികങ്ങളും | 25,000 | |
| 12 | അച്ചടി | 37,000 | |
| 13 | സ്റ്റേഷനറി | 50,000 | |
| 14 | തപാൽ സ്റ്റാമ്പ് | 5,000 | |
| 15 | നീതിന്യായ സേവനങ്ങൾക്കുള്ള ചെലവുകൾ | 50,000 | |
| 16 | പരസ്യവും പ്രചരണവും | 75,000 | |
| 17 | മെമ്പർഷിപ്പ് /വരിസംഖ്യ | 6,000 | |
| 18 | തെരഞ്ഞെടുപ്പ് ചെലവുകൾ | 45,500 | |
| 19 | ലഘു ഭക്ഷണം | 75,000 | |
| 20 | മറ്റ് ഭരണ ചെലവുകൾ | 3,00,000 | |
| 21 | വാഹന വാടക | 2,02,500 | |
| 22 | ശുചിത്വം | 1,00,000 | |
| 23 | ഡീസൽ / പെട്രോൾ | 3,00,000 | |
| 24 | വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ | 1,50,000 | |
| 25 | മറ്റ് അറ്റകുറ്റപണികൾ | 40,000 | |
| 26 | ഓഫീസ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ | 10,000 | |
| 27 | ഇൻഷ്വറൻസ്/രജിസ്ട്രേഷൻ | 35,000 | |
| **i** | **ഭരണ ചെലവുകൾ** | **39,74,780** | |

# ചവറ ബ്ലോക്ക് പഞ്ചായത്ത്

## 2025-26 ബഡ്ജറ്റ് എസ്റ്റിമേറ്റ് സംക്ഷിപ്തം

## പദ്ധതി ചെലവുകൾക്കായുള്ള വകയിരുത്തലുകൾ

| ക്രമ നമ്പർ | ഇനം | ബഡ്ജറ്റ് 2025-26 | റിമാർക്ക്സ് |
|---|---|---|---|
| 1 | കാർഷിക മേഖല/മത്സ്യ ബന്ധനം | 30,86,000 | |
| 2 | മൃഗസംരക്ഷണം/ക്ഷീര വികസനം | 63,00,000 | |
| 3 | ആരോഗ്യ മേഖല | 79,50,000 | |
| 4 | മരുന്നുകൾ | 72,58,000 | |
| 5 | ജീവനം ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | 1,50,000 | |
| 6 | ഐ.കെ.എം.വിഹിതം | 55,000 | |
| 7 | പദ്ധതി രൂപീകരണം | 80,000 | |
| 8 | കേരളോത്സവം | 1,50,000 | |
| 9 | വജ്ര ജൂബിലി കലാകാരന്മാർക്ക് ഹോണറേറിയം | 1,80,000 | |
| 10 | വിദ്യാഭ്യാസ-അനുബന്ധ പ്രവർത്തനങ്ങൾ | 26,00,000 | |
| 11 | വായന ശാലകളും റീഡിംഗ് റൂമുകളും | 8,90,000 | |
| 12 | ഭവന നിർമ്മാണം | 4,02,00,000 | |
| 13 | വൃദ്ധക്ഷേമ പരിപാടികൾ | 20,90,000 | |
| 14 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്കുള്ള പരിപാടികൾ | 29,27,200 | |
| 15 | അഗതിക്ഷേമ പരിപാടികൾ | 2,00,000 | |

| | | | |
|---|---|---|---|
| 16 | വനിതാ ക്ഷേമ പരിപാടി | 42,00,000 | |
| 17 | പട്ടികജാതിക്ഷേമ പരിപാടികൾ | 85,00,000 | |
| 18 | അംഗൻവാടി പോഷകാഹാര പരിപാടി | 5,00,000 | |
| 19 | അംഗൻവാടി അനുബന്ധ സൗകര്യങ്ങൾ/പശ്ചാത്തല പരിപാടികൾ | 40,60,000 | |
| 20 | ഘടക സ്ഥാപന സൗകര്യങ്ങൾ | 24,67,000 | |
| 21 | റോഡുകൾ,കലുങ്കുകൾ,കെട്ടിടങ്ങൾ എന്നിവയുടെ സംരക്ഷണം | 2,15,24,000 | |
| 22 | ദാരിദ്ര ലഘൂകരണ പരിപാടികൾ | 45,54,85,933 | |
| 23 | ശുചിത്വം | 3,50,00,000 | |
| 24 | വൈദ്യുതീകരണം | 15,00,000 | |
| 25 | ഭൂമി വാങ്ങൽ,കെട്ടിട നിർമ്മാണം,ജംഗമ ആസ്ഥികൾ | 1,23,00,000 | |
| **ii** | **പദ്ധതി ചെലവുകൾ** | **619653133** | |

| | | | |
|---|---|---|---|
| | **ആകെ ചെലവുകൾ (i+ii)** | **62,36,27,913** | |

# ചവറ ബ്ലോക്ക് പഞ്ചായത്ത്

## റിവൈസ്ഡ് ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ് 2024-25

| ക്രമ നമ്പർ | | റിവൈസ്ഡ് ബഡ്ജറ്റ് 2024-25 |
|---|---|---|
| **A** | **പ്രാരംഭ ബാക്കി** | **57,24,701** |
| B | തനത് വരുമാനം | 13,12,888 |
| C | ജനറൽ പർപ്പസ് ഫണ്ട് | 79,17,000 |
| **D** | **ആകെ തനത് വരുമാനം (B+C)** | 92,29,888 |
| F | പദ്ധതി വിഹിതമായ വരവ് | 53,88,92,029 |
| **G** | **ആകെ വരവ് (D+F)** | 54,81,21,917 |
| **H** | **ആകെ വരവുകളും പ്രാരംഭ ബാക്കിയും (G+A)** | **55,38,46,618** |
| I | അനിവാര്യ ചുമതലകൾക്കായുള്ള ചെലവ് | 33,48,000 |
| J | പദ്ധതി ചെലവ് | 54,17,93,367 |
| **K** | **ആകെ ചെലവ് (I+J)** | **54,51,41,367** |
| **L** | **നീക്കി ബാക്കി (H-K)** | **87,05,251** |

# ചവറ ബ്ലോക്ക് പഞ്ചായത്ത്

## റിവൈസ്ഡ് ബഡ്ജറ്റ് 2024-25

## വരവ്

| ക്രമ നമ്പർ | ഇനം | | റിവൈസ്ഡ് ബഡ്ജറ്റ് 2024-25 | റിമാർക്ക്സ് |
|---|---|---|---|---|
| **1** | **A** | **പ്രാരംഭ ബാക്കി** | **57,24,701** | |
| **2** | B | തനത് വരുമാനം | 13,12,888 | |
| **3** | C | ജനനൽ പർപ്പസ് ഫണ്ട് | 79,17,000 | |
| | **D** | **ആകെ തനത് വരുമാനം (B+C)** | **92,29,888** | |
| **4** | **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | |
| | E | കേന്ദ്രാവിഷ്കൃത പദ്ധതികൾ | 1,79,29,931 | |
| | F | പി.എം.എ.വൈ കേന്ദ്ര വിഹിതം | 1,65,60,000 | |
| | G | എം.ജി.എൻ.ആർ.ഇ.ജി.എസ് | 35,00,00,000 | |
| | **H** | **ആകെ (E+ F+ G)** | **38,44,89,931** | |
| **5** | **പദ്ധതി വിഹിതം** | | | |
| | I | പൊതു വിഭാഗം | 3,39,07,727 | |
| | J | പ്രത്യേക ഘടക പദ്ധതി | 1,64,50,594 | |
| | K | മെയിന്റനൻസ് ഗ്രാന്റ് | 3,18,78,206 | |
| | L | സംയുക്ത പദ്ധതിക്കായുള്ള വരവുകൾ | 4,57,80,000 | |
| | M | കേന്ദ്ര ധനകാര്യ കമ്മീഷൻ തുക | 1,57,94,321 | |
| | N | ഹെൽത്ത് ഗ്രാന്റ് | 28,95,000 | |
| | P | മറ്റ് വരവുകൾ | 76,96,250 | |
| | **Q** | **ആകെ പദ്ധതി വിഹിതം** | **15,44,02,098** | |
| | **R** | **ആകെ വരവ് (A+D+H+Q)** | **55,38,46,618** | |

# ചവറ ബ്ലോക്ക് പഞ്ചായത്ത്

## റിവൈസ്ഡ് ബഡ്ജറ്റ് 2024-25
## അനിവാര്യ ചുമതലകൾക്കായുള്ള വകയിരുത്തലുകൾ

| ക്രമ നമ്പർ | ഇനം | റിവൈസ്ഡ് ബഡ്ജറ്റ് 2024-25 | റിമാർക്ക്സ് |
|---|---|---|---|
| 1 | ജനപ്രതിനിധികളുടെ ഓണറേറിയം | 16,50,000 | |
| 2 | ജനപ്രതിനിധികളുടെ സിറ്റിംഗ് ഫീ | 1,25,000 | |
| 3 | ജനപ്രതിനിധികളുടെ യാത്രാബത്ത | 25,000 | |
| 4 | വേതനം | 3,00,000 | |
| 5 | വാർത്താ വിനിമയ ചെലവുകൾ | 75,000 | |
| 6 | പുസ്തകങ്ങളും ആനുകാലികങ്ങളും | 15,000 | |
| 7 | അച്ചടിയും സ്റ്റേഷനറിയും | 1,00,000 | |
| 9 | പരസ്യവും പ്രചരണവും | 50,000 | |
| 10 | മെമ്പർഷിപ്പ് /വരിസംഖ്യ | 6,000 | |
| 12 | മറ്റ് ഭരണ ചെലവുകൾ | 4,00,000 | |
| 13 | ഡീസൽ / പെട്രോൾ | 3,75,000 | |
| 14 | വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ | 1,25,000 | |
| 15 | സ്ഥി ആസ്തികളുടെ അറ്റകുറ്റപ്പണികൾ | 50,000 | |
| 16 | ഇൻഷ്വറൻസ്/രജിസ്ട്രേഷൻ | 50,000 | |
| 17 | ബാങ്ക് ചാർജ് നൽകൽ | 2,000 | |
| **i** | **ഭരണ ചെലവുകൾ** | **33,48,000** | |

# ചവറ ബ്ലോക്ക് പഞ്ചായത്ത്

## റിവൈസ്ഡ് ബഡ്ജറ്റ് 2024-25
## പദ്ധതി ചെലവുകൾക്കായുള്ള വകയിരുത്തലുകൾ

| ക്രമ നമ്പർ | ഇനം | റിവൈസ്ഡ് ബഡ്ജറ്റ് 2024-25 | റിമാർക്ക്സ് |
|---|---|---|---|
| 1 | കാർഷിക മേഖല/മത്സ്യ ബന്ധനം | 17,53,750 | |
| 2 | മൃഗസംരക്ഷണം/ക്ഷീര വികസനം | 54,25,640 | |
| 3 | ആരോഗ്യ മേഖല | 1,41,84,527 | |
| 4 | മരുന്നുകൾ | 96,00,000 | |
| 5 | ഐ.കെ.എം.വിഹിതം | 51,785 | |
| 6 | കിലയ്ക്ക് പണം നൽകൽ | 3,00,000 | |
| 7 | പദ്ധതി രൂപീകരണം | 90,000 | |
| 8 | കല ,സംസ്ക്കാരം,യുവജന ക്ഷേമം | 9,20,000 | |
| 9 | വിദ്യാഭ്യാസ-അനുബന്ധ പ്രവർത്തന ങ്ങൾ | 24,60,000 | |
| 10 | വായന ശാലകളും റീഡിംഗ് റൂമുകളും | 3,90,000 | |
| 11 | ഭവന നിർമ്മാണം | 8,56,54,096 | |
| 12 | ശിശുക്ഷേമ പരിപാടികൾ | 20,00,000 | |
| 13 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ | 25,50,000 | |

| | | | |
|---|---|---|---|
| 14 | അഗതിക്ഷേമ പരിപാടികൾ | 4,00,000 | |
| 15 | വനിതാക്ഷേമ പരിപാടി | 3,05,0000 | |
| 16 | പട്ടികജാതിക്ഷേമ പരിപാടികൾ | 63,85,733 | |
| 17 | അംഗൻവാടി പോഷകാഹാര പരി പാടി | 5,00,000 | |
| 18 | അംഗൻവാടി അനുബന്ധ സൗകര്യ ങ്ങൾ/പശ്ചാത്തല പരിപാടികൾ | 24,50,000 | |
| 19 | ഘടക സ്ഥാപന സൗകര്യങ്ങൾ | 20,57,526 | |
| 20 | റോഡുകൾ,കലുങ്കുകൾ,കെട്ടിടങ്ങൾ എന്നിവയുടെ സംരക്ഷണം | 2,08,27,861 | |
| 21 | ദാരിദ്ര ലഘൂകരണ പരിപാടികൾ | 35,00,00,000 | |
| 22 | ശുചിത്വം | 1,44,68,402 | |
| 23 | കുടിവെള്ളം | 5,00,000 | |
| 24 | വൈദ്യുതീകരണം | 1,70,4613 | |
| 25 | ഭൂമി വാങ്ങൽ,കെട്ടിട നിർമ്മാണം, ജംഗമ ആസ്ഥികൾ | 1,40,69,434 | |
| **ii** | **പദ്ധതി ചെലവുകൾ** | **54,17,93,367** | |
| | | | |
| | **ആകെ ചെലവുകൾ (i+ii)** | **54,51,41,367** | |